**പതിനഞ്ചാം കേരള നിയമസഭ**
**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

**സബ്ജക്ട് കമ്മിറ്റി XI**
**(SUBJECT COMMITTEE XI)**

**ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും**
**(FOOD, CIVIL SUPPLIES AND CO-OPERATION)**

# 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്.

(Under Rule 236 (5) of the Rules of Procedure and Conduct of Business in the Kerala Legislative Assembly)

2022 ജൂലൈ 18 - ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

**പതിനഞ്ചാം കേരള നിയമസഭ**
**( FIFTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്റ്റ് കമ്മിറ്റി XI
# (SUBJECT COMMITTEE XI)

**ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും**
**(FOOD, CIVIL SUPPLIES AND CO-OPERATION)**

2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന
സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

**ഉള്ളടക്കം**


| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | - | v |
| അവതാരിക | - | vii |
| റിപ്പോർട്ട് | - | 1 |

## സബ്ജക്റ്റ് കമ്മിറ്റി XI

**(ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും)**

**(2021-23)**

**ഘടന**

**ചെയർമാൻ :**

ശ്രീ. വി. എൻ. വാസവൻ,
സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി.

**എക്സ് – ഒഫീഷ്യോ അംഗം:**

ശ്രീ. ജി. ആർ. അനിൽ,
ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി

**അംഗങ്ങൾ :**

ശ്രീ. അബ്ദുൾ ഹമീദ്. പി.

ശ്രീ. ആന്റണി ജോൺ

ശ്രീ. പി. വി. അൻവർ

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. സജീവ് ജോസഫ്

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

**നിയമസഭാ സെക്രട്ടേറിയറ്റ് :**

ശ്രീമതി കവിത ഉണ്ണിത്താൻ, സെക്രട്ടറി-ഇൻ-ചാർജ്.

ശ്രീ. മാത്യുക്കുട്ടി. ജി, അഡീഷണൽ സെക്രട്ടറി.

ശ്രീമതി ദീപ ആർ. കൃഷ്ണൻ, ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീ. എം. എസ്. അൻവർ സുൽത്താൻ., അണ്ടർ സെക്രട്ടറി.

# അവതാരിക

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ അദ്ധ്യക്ഷനായ ഞാൻ  സമിതിയുടെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്  സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് രണ്ട് അദ്ധ്യായങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം അദ്ധ്യായത്തിൽ സമിതി പരിഗണിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെ വിവരങ്ങളും രണ്ടാം അദ്ധ്യായത്തിൽ ഇനിയും മറുപടി ലഭിച്ചിട്ടില്ലാത്ത ഖണ്ഡികകളിലെ ശിപാർശകൾ സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

ഈ റിപ്പോർട്ട് 2022 ജൂലൈ 12-ന് ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,<br>2022 ജൂലൈ 12

**വി. എൻ. വാസവൻ,**<br>*ചെയർമാൻ,*<br>*സബ്ജക്ട് കമ്മിറ്റി XI.*

# റിപ്പോർട്ട്

2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളും ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും.

**ധനാഭ്യർത്ഥന നമ്പർ XXVII – സഹകരണം**

**ഖണ്ഡിക – 1**

**2425-00-001-91 – സഹകരണ വകുപ്പിന്റെ നവീകരണം**

സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി KSWAN കണക്ഷൻ ലഭ്യമല്ലാത്ത ഓഫീസുകളിൽ സ്ഥാപിക്കുന്നതിനായി 75 ലക്ഷം രൂപ ബി.എസ്.എൽ.എൽ.-ന് നൽകേണ്ടതിനാൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 75 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ആഫീസുകളിലും ഇ-ഓഫീസ് സംവിധാനം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി KSWAN കണക്ഷൻ ലഭ്യമല്ലാത്ത ഓഫീസുകളിൽ leased line സ്ഥാപിക്കുന്നതിനായി ബി.എസ്.എൻ.എൽ.ന് നൽകുന്നതിനായുള്ള 75 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

സഹകരണ വകുപ്പിൽ ഇ-ഓഫീസ് സമ്പൂർണ്ണമായി നടപ്പിലാക്കുന്നതിനായി കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി, റീ-അപ്രോപ്രിയേഷൻ അനുവദിച്ചിരുന്നു. എന്നാൽ സാങ്കേതിക കാരണങ്ങളാൽ ബില്ല് മാറാൻ സാധിച്ചിട്ടില്ല.

ടി ഇനത്തിൽ ആകെ അനുവദിച്ചിരുന്ന 90 ലക്ഷം രൂപയിൽ 89.93 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സഹകരണ (ബി) വകുപ്പിന്റെ 05.07.2022-ലെസഹ-ബി3/341/2021/സഹ നമ്പർ കത്ത്.)

**ഖണ്ഡിക – 2**

**2425-00-003-86-36- കാർഷിക സഹകരണ സ്റ്റാഫ് പരിശീലന സ്ഥാപനത്തിനുള്ള ധനസഹായം - സഹായധനം - ശമ്പളേതരം**

അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ പരിശീലന പരിപാടികൾ നടത്തുന്നതിനായി 2020-21 വർഷത്തിൽ സർക്കാരിലേയ്ക്ക് 1 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും 50 ലക്ഷം രൂപയുടെ റിലീസ് ഉത്തരവ് മാത്രമാണ് ലഭിച്ചത്. ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള 50 ലക്ഷം രൂപയ്ക്കു പുറമെ 2020-21 സാമ്പത്തിക വർഷം ഭരണാനുമതി ലഭിച്ചതിൽ റിലീസ് ചെയ്ത് നൽകുവാൻ ബാക്കി നിൽപ്പുള്ള 50 ലക്ഷം രൂപ കൂടി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ പരിശീലന പരിപാടികൾ നടത്തുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുള്ള 50 ലക്ഷം രൂപ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

2021-22-ൽ അനുവദിക്കാൻ കഴിയാതിരുന്ന സാഹചര്യം പരിഗണിച്ച് നടപ്പ് സാമ്പത്തിക വർഷം തുക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(സഹകരണ (ബി) വകുപ്പിന്റെ 05.07.2022-ലെ സഹ-ബി3/341/2021/സഹ നമ്പർ കത്ത്.)

**ഖണ്ഡിക – 3**

**2425-00-107-80- പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കുള്ള സഹായം**

2021-22 സാമ്പത്തിക വർഷം കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യവികസനവുമായി ബന്ധപ്പെട്ട് സംഘങ്ങൾക്ക് 4 ശതമാനം പലിശ നിരക്കിൽ നബാർഡിൽ നിന്നും പശ്ചാത്തല സൗകര്യ പുനർവായ്പ കേരള ബാങ്ക് മുഖേന ലഭ്യമാക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ viable, sustainable financial impact ഉള്ള പ്രോജക്റ്റുകൾ തയ്യാറാക്കുന്നതിന് സഹകരണ സംഘങ്ങളെ പ്രാപ്തമാക്കുന്നതിന്

വേണ്ടി 10 ലക്ഷം രൂപയും, വായ്പ എടുത്ത് വായ്പാകുടിശ്ശിക വന്നതുമൂലം പാർപ്പിടം ജപ്തി ചെയ്യേണ്ട സാഹചര്യം ഒഴിവാക്കുന്നതിലേയ്ക്ക് റിസ്ക് ഫണ്ടിന്റെ ഭാഗമായി വിധവകൾ, നിരാലംബർ, ഗുരുതര രോഗം ബാധിച്ചവർ എന്നിവരുടെ വീടുകളുടെ ജപ്തിനടപടികൾ ഒഴിവാക്കുന്നതിലേയ്ക്കായി രൂപീകരിക്കുന്ന ഫാമിലി കെയർ ഫണ്ടിലേയ്ക്ക് 10 കോടി രൂപയും, കുടുംബശ്രീ യൂണിറ്റുകൾക്ക് 9% പലിശയ്ക്ക് ലഭിക്കുന്ന വായ്പയുടെ 4% പലിശ സബ്സിഡിയായി നൽകി വായ്പകൾ കൂടുതൽ ആകർഷകമാക്കുന്നതിനും അതിലൂടെ പലിശ നിരക്ക് കുറയ്ക്കുന്നതിനുമായി 5 കോടി രൂപയും ഉൾപ്പെടെ ആകെ 15.10 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2021-2022 സാമ്പത്തിക വർഷം കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് സംഘങ്ങൾക്ക് 4 ശതമാനം പലിശ നിരക്കിൽ നബാർഡിൽ നിന്നും പശ്ചാത്തല സൗകര്യ പുനർവായ്പ കേരള ബാങ്ക് മുഖേന സംഘങ്ങൾക്ക് ലഭ്യമാക്കുന്നതിനായി Viable, Sustainable, Financial Impact ഉള്ള പ്രോജക്റ്റുകൾ തയ്യാറാക്കുന്നതിന് സഹകരണ സംഘങ്ങളെ പ്രാപ്തമാക്കുന്നതിനുവേണ്ടി 10 ലക്ഷം രൂപ ടി ശീർഷകത്തിൽ അധികമായി അനുവദിക്കുന്നതിന് ധനാഭ്യർത്ഥനയിൽ അപേക്ഷിച്ചിരുന്നെങ്കിലും ആവശ്യമായ തുക ഉൾപ്പെടുത്താൻ കഴിഞ്ഞിരുന്നില്ല. കേരള സംസ്ഥാന സഹകരണ ബാങ്ക് മുഖേന സംഘങ്ങൾക്ക് വിതരണം ചെയ്തിട്ടുള്ള 16.51 കോടി രൂപയുടെ 1% ആയ 16.51 ലക്ഷം രൂപ പലിശ സബ്സിഡിയായി അനുവദിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

വായ്പ എടുത്ത് വായ്പ കുടിശ്ശിക മൂലം പാർപ്പിടം ജപ്തി ചെയ്യേണ്ട സാഹചര്യം ഒഴിവാക്കുന്നതിലേയ്ക്ക് റിസ്ക് ഫണ്ടിന്റെ ഭാഗമായി വിധവകൾ, നിരാലംബർ, ഗുരുതര രോഗം ബാധിച്ചവർ എന്നിവരുടെ വീടുകളുടെ ജപ്തി നടപടികൾ ഒഴിവാക്കുന്നതിലേയ്ക്കായി രൂപീകരിക്കുന്ന ഫാമിലി കെയർ ഫണ്ടിലേയ്ക്ക് തുക അനുവദിക്കുന്നതിനുള്ള ചട്ടങ്ങൾ പൂർത്തീകരിച്ച് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നതാണ്.

കുടുംബശ്രീ യൂണിറ്റുകൾക്ക് 9% പലിശയ്ക്ക് ലഭിയ്ക്കുന്ന വായ്പയുടെ 4% പലിശ സബ്സിഡിയായി നൽകി വായ്പകൾ കൂടുതൽ ആകർഷകമാക്കുന്നതിനും അതിലൂടെ പലിശ നിരക്ക് കുറയ്ക്കുന്നതിനുമായി പലിശ സബ്സിഡി നൽകുന്നതിനായി ആകെ 15.10 കോടി രൂപ അധികമായി അനുവദിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു.

(സഹകരണ (ബി) വകുപ്പിന്റെ 5.7.2022-ലെ സഹ-ബി3/341/2021/സഹ നമ്പർ കത്ത്)

**ഖണ്ഡിക-4**

**2425-00-108-80-33- ഉത്സവചന്തകൾ സംഘടിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾക്കുള്ള സഹായധനം - സബ്സിഡികൾ**

പൊതു കമ്പോളത്തിൽ ഫലപ്രദമായി ഇടപെട്ടുകൊണ്ട് വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സാധനങ്ങൾ സംഭരിച്ച് കൺസ്യൂമർഫെഡ് വാതിൽപ്പടി വഴി സഹകരണ സംഘങ്ങൾക്ക് നേരിട്ട് വിതരണം നടത്തുന്നതിനായുള്ള ചെലവുകൾക്ക് വേണ്ടി 17 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

കൺസ്യൂമർഫെഡിന്റെ വാതിൽപ്പടി വിതരണ പദ്ധതി, നടപ്പ് സാമ്പത്തിക വർഷം ധനലഭ്യതക്കുറവ് മൂലം പരിഗണിയ്ക്കുവാൻ കഴിഞ്ഞിരുന്നില്ല.

(സഹകരണ (ബി) വകുപ്പിന്റെ 5.7.2022-ലെ സഹ-ബി3/341/2021/സഹ നമ്പർ കത്ത്.

**ഖണ്ഡിക -5**

**2425-00-108-67- മറ്റു സഹകരണസംഘങ്ങൾക്കുള്ള സഹായം**

ആശുപത്രി സഹകരണ സംഘങ്ങളിലെ ബ്ലഡ് ബാങ്ക്, മെഡിക്കൽ ലബോറട്ടറീസ് തുടങ്ങിയവയ്ക്കായി ധനസഹായം അനുവദിക്കുന്നതിനും പലവക സഹകരണ സംഘങ്ങൾക്ക് പുതുതായി ആരംഭിച്ച സ്കീമായ വർക്കിംഗ് ക്യാപ്പിറ്റൽ ഗ്രാന്റ് ധനസഹായം അനുവദിക്കുന്നതിന് 1 കോടി രൂപയും, കൃതി ഇന്റർനാഷണൽ ബുക്ക് ഫെയറിനും സാഹിത്യ മ്യൂസിയത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുമായി

2 കോടി രൂപയും, സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ മാതൃകയിൽ കലാകാരന്മാർ, സംഗീതജ്ഞർ, പ്രകടന കലാകാരന്മാർ, നാടക കലാകാരന്മാർ തുടങ്ങിയവർക്കുള്ള ഒരു സംഘം രൂപീകരിച്ച് അവർക്ക് സ്ഥിരം കലാവേദി നിർമ്മിക്കുന്നതിനുള്ള ധനസഹായം നൽകുന്നതിനായി 3 കോടി രൂപയും പുതുതായി ആരംഭിക്കുന്ന 25 യുവജന സഹകരണ സംഘങ്ങൾക്ക് Event Management, Food Supply എന്നിവ ഉൾപ്പെടുത്തികൊണ്ടുള്ള സ്റ്റാർട്ട് അപ്പ് ആരംഭിക്കുന്നതിലേയ്ക്കായി 2 കോടി രൂപയും ഉൾപ്പെടെ ആകെ 8 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>സ്വീകരിച്ച നടപടി</u>**

സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ മാതൃകയിൽ കലാകാരന്മാർ, സംഗീതജ്ഞർ, പ്രകടന കലാകാരന്മാർ, നാടക കലാകാരന്മാർ തുടങ്ങിയവർക്കായുള്ള ഒരു സംഘം രൂപീകരിച്ച് അവർക്ക് സ്ഥിരം കലാവേദി നിർമ്മിക്കുന്നതിനുള്ള ധനസഹായം നൽകുന്നതിനായും പുതുതായി ആരംഭിക്കുന്ന 25 യുവജന സഹകരണ സംഘങ്ങൾക്ക് സ്റ്റാർട്ട് അപ്പ് ആരംഭിക്കുന്നതിലേയ്ക്കുമായി തുക അനുവദിക്കുവാൻ കഴിഞ്ഞിരുന്നില്ല.

എന്നാൽ യുവസഹകരണ സംഘങ്ങൾക്ക് പ്രാരംഭ പ്രവർത്തനങ്ങൾക്കും പ്രോജക്ടുകളുടെ നടത്തിപ്പിനുമായി ഒരു സംഘത്തിന് 10 ലക്ഷം രൂപ വീതം ആകെ 3 കോടി രൂപ അനുവദിക്കുന്നതിന് 2022-23 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സഹകരണ (ബി) വകുപ്പിന്റെ 5.7.2022-ലെ സഹ-ബി3/341/2021/സഹ നമ്പർ കത്ത്)

**<u>ഖണ്ഡിക 6</u>**

**2425-00-108-47-31 <u>പ്രൊഫഷണൽ എഡ്യൂക്കേഷനുവേണ്ടിയുള്ള സഹകരണ അക്കാദമിക്കുള്ള ധനസഹായം - സഹായധനം - ശമ്പളം</u>**

കോവിഡിന്റെ പശ്ചാത്തലത്തിൽ പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വന്നുകൊണ്ടിരിക്കുന്ന ക്രമാതീതമായ കുറവ് നിമിത്തം

കേപ്പിലെ അദ്ധ്യാപകരുൾപ്പെടെയുള്ള ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് പ്രതിസന്ധി നേരിടുന്നതിനാൽ ശമ്പളയിനത്തിലെ ചെലവുകൾക്കായി കേപ്പിന് 24.52 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2020-21 സഹകരണ അക്കാദമി (കേപ്പ്) ശമ്പളത്തിനുള്ള ധനസഹായമായ 4 കോടി രൂപ സ.ഉ.(സാധാ) നം.507/2021/സഹ. തീയതി 18.08.2021, സ.ഉ.(സാധാ) നം.301/2021/സഹ. തീയതി 05.05.2021 എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 2425-00-108-47-31 ശീർഷകത്തിൽ 2 ഗഡുക്കളായി അനുവദിച്ച് നൽകിയിട്ടുണ്ട്. ടി ഇനത്തിൽ കേപ്പിന് പദ്ധതി വിഹിതമായി ആകെ 4,99,11,012 രൂപയും, പദ്ധതിയേതര വിഹിതമായി 16 കോടി രൂപയും, പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ട് വിഹിതമായി 7.50 കോടി രൂപയും 2021-22 സാമ്പത്തിക വർഷത്തിൽ അനുവദിച്ചു നൽകിയിട്ടുണ്ട്.

(സഹകരണ (ബി) വകുപ്പിന്റെ 05.07.2022-ലെ സഹ-ബി3/341/2021/സഹ.നമ്പർ കത്ത്)

**ഖണ്ഡിക 7**

**2425-00-108-47-35** **പ്രൊഫഷണൽ എഡ്യൂക്കേഷനു വേണ്ടിയുള്ള സഹകരണ അക്കാദമികൾക്കുള്ള ധനസഹായം - മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം**

പ്രൊഫഷണൽ വിദ്യാഭ്യാസ അക്കാദമിയുടെ കീഴിൽ ഉള്ള സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 2.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ടി ശീർഷകത്തിൽ അനുവദിച്ചിരുന്ന 500 ലക്ഷം രൂപയിൽ 499.11 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സഹകരണ (ബി) വകുപ്പിന്റെ 05.07.2022-ലെ സഹ-ബി3/341/2021/ സഹ. നമ്പർ കത്ത്)

**ഖണ്ഡിക 8**

**2425-00-108-42 പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനുള്ള സഹായം**

പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് വേണ്ടി നിലവിലുള്ള പദ്ധതികൾക്കുപരിയായി ടി സംഘങ്ങളുടെ സമഗ്രവികസനം ലക്ഷ്യം വച്ച് സഹകരണ വകുപ്പ് വിഭാവനം ചെയ്ത പുനർജ്ജനി എന്ന പുതിയ പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 10 സംഘങ്ങളുടെ നവീകരണം, വൈവിദ്ധ്യവൽക്കരണം, സുസ്ഥിരവികസനം എന്നിവയ്ക്കാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിലേയ്ക്ക് നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമെ 4 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായുള്ള 'പുനർജ്ജനി പദ്ധതി' നടപ്പിലാക്കുന്നതിന് സ.ഉ.(സാധാ)നം.68/ 2022/സഹ. തീയതി 10.02.2022 നമ്പർ ഉത്തരവ് പ്രകാരം പുനർജ്ജനി പദ്ധതിയ്ക്ക് തത്വത്തിലുള്ള അംഗീകാരം നൽകിയിരുന്നു. ടി പദ്ധതി നടപ്പിലാക്കാൻ സാധിക്കാത്തതിനാൽ ടി ശീർഷകത്തിൽ നിന്നും പൂർണ്ണമായും തുക ചെലവഴിക്കാൻ സാധിച്ചിട്ടില്ല. ടി ശീർഷകത്തിൽ നിന്നും ആകെ 537.24 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷത്തിൽ പുനർജ്ജനി പദ്ധതിയിൽ ഉൾപ്പെടുത്തി 14 സംഘങ്ങൾക്ക് സബ്സിഡിയായി 161,02,852/- രൂപ അനുവദിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(സഹകരണ (ബി) വകുപ്പിന്റെ 05.07.2022-ലെ സഹ-ബി3/341/2021/ സഹ. നമ്പർ കത്ത്)

**ഖണ്ഡിക 9**

**2425-00-108-33 സഹകരണ വകുപ്പിന്റെ കീഴിൽ വരുന്ന എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും ആധുനികവൽക്കരണം - സബ്സിഡികൾ**

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ഒഴികെയുള്ള മറ്റ് പ്രാഥമിക സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണത്തിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ടി ശീർഷകത്തിലുള്ള പദ്ധതി തുക പൂർണ്ണമായും വിനിയോഗിക്കാത്തതിനാൽ അഡീഷണൽ ആതറൈസേഷൻ മുഖേന അധിക തുക അനുവദിച്ചിരുന്നില്ല. ടി ശീർഷകത്തിൽ അനുവദിച്ചിരുന്ന 90 ലക്ഷം രൂപയിൽ 78.44 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 4 ലക്ഷം രൂപയുടെ ബില്ലുകൾ പ്രോസസ് ചെയ്തുവെങ്കിലും സാങ്കേതിക കാരണങ്ങളാൽ ബിൽ മാറുന്നതിന് കഴിഞ്ഞിരുന്നില്ല.

(സഹകരണ (ബി) വകുപ്പിന്റെ 05.07.2022-ലെ സഹ-ബി3/341/2021/ സഹ. നമ്പർ കത്ത്)

**ഖണ്ഡിക - 10**

**2425-00-108-32- സഹകരണ സംരംഭകത്വം വഴി തൊഴിൽ സൃഷ്ടിക്കുന്ന പദ്ധതിയ്ക്കുള്ള ധനസഹായം**

വിളവെടുപ്പ് സമയത്തെ നെല്ല് സംഭരണ സംസ്കരണവുമായി ബന്ധപ്പെട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി രൂപീകരിച്ച പാപ്കോസിന് 1 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് സഹകരണസംഘം (PAPCOS) ന് ടി പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷം 150 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിരുന്നു. എന്നാൽ PAPCOS ന് 2020-21 ൽ അനുവദിച്ച

200 ലക്ഷം രൂപ ചെലവഴിച്ച റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ 2021-22 ലെ 150 ലക്ഷം രൂപയ്ക്കുള്ള റിലീസ് ഉത്തരവ് അനുവദിക്കാൻ സാധിക്കുകയുള്ളൂ എന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ തുക അനുവദിച്ചിട്ടില്ല.

(സഹകരണ (ബി) വകുപ്പിന്റെ 05.07.2022-ലെ സഹ-ബി3/341/2021/സഹ. നമ്പർ കത്ത്)

**<u>ഖണ്ഡിക - 11</u>**

**2425-00-108-31- <u>വനിതാ സഹകരണ സംഘങ്ങൾക്കും വനിതാ ഫെഡിനുമുള്ള ധനസഹായം</u>**

വനിതാ സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ച തുക ഓഹരി ശീർഷകവുമായി അനുപാതത്തിലല്ലാത്തതിനാൽ ഓഹരി ശീർഷകം പൂർണ്ണമായി ചെലവഴിക്കാൻ സാധിക്കുകയില്ല. ആയതിനാൽ 2021-22 സാമ്പത്തിക വർഷം 90 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>സ്വീകരിച്ച നടപടി</u>**

ടി ശീർഷകത്തിൽ അനുവദിച്ചിരുന്ന ബഡ്ജറ്റ് വിഹിതം പൂർണ്ണമായി ചെലവഴിച്ചിട്ടുണ്ട്. 78 ലക്ഷം രൂപ റീ-അപ്രോപ്രിയേഷൻ മുഖേന അനുവദിച്ചിരുന്നതുൾപ്പെടെ ആകെ 228 ലക്ഷം രൂപ ടി ശീർഷകത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

(സഹകരണ (ബി) വകുപ്പിന്റെ 05.07.2022-ലെ സഹ-ബി3/341/2021/സഹ. നമ്പർ കത്ത്)

**<u>ഖണ്ഡിക - 12</u>**

**4425-00-107-84- <u>സഹകരണ സംരംഭക തൊഴിൽ സൃഷ്ടി സ്കീമിനുള്ള ധനസഹായം</u>**

വിളവെടുപ്പ് സമയത്തെ നെല്ല് സംഭരണ സംസ്കരണവുമായി ബന്ധപ്പെട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി രൂപീകരിച്ച പാപ്കോസിന് അധിക സർക്കാർ ഓഹരി മൂലധനം അനുവദിക്കുന്നതിനായി ഒരു കോടി രൂപയും പാലക്കാട് ജില്ലയിൽ ആരംഭിച്ചിട്ടുള്ള ആധുനിക റൈസ് മില്ലിന്റെ മാതൃകയിൽ കുട്ടനാട്, അപ്പർ കുട്ടനാട് ആസ്ഥാനമാക്കി ഒരു സംഭരണ സംസ്കരണ വിപണന സഹകരണ സംഘം രജിസ്റ്റർ ചെയ്യുന്നതിനും ടി സംഘത്തിന്റെ ആഭിമുഖ്യത്തിൽ 2 ആധുനിക റൈസ് മില്ലുകൾ

സ്ഥാപിക്കുന്നതിനുമായി 10 കോടി രൂപയും ഉൾപ്പെടെ ആകെ ഈ ശീർഷകത്തിൽ 11 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം (PAPCOS)-ന് ടി പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷം 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ PAPCOS ന് 2020-21 ൽ അനുവദിച്ച 200 ലക്ഷം രൂപ ചെലവഴിച്ച റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ 2021-22 ലെ 100 ലക്ഷം രൂപ അനുവദിക്കാൻ സാധിക്കുകയുള്ളൂ എന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ തുക അനുവദിച്ചിട്ടില്ല.

(സഹകരണ (ബി) വകപ്പിന്റെ 05.07.2022-ലെ സഹ-ബി3/341/2021/സഹ. നമ്പർ കത്ത്)

**ഖണ്ഡിക - 13**

**4425-00-108-71- പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ സംയോജിത വികസനം**

ഇടുക്കി ജില്ലയിൽ നടപ്പിലാക്കി വരുന്ന സംയോജിത സഹകരണ വികസന പദ്ധതിയുടെ പൂർത്തീകരണത്തിനായി അധിക തുക ആവശ്യമായതിനാൽ 3.0935 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ഇടുക്കി ജില്ലയിൽ നടപ്പിലാക്കി വരുന്ന സംയോജിത സഹകരണ വികസന പദ്ധതി (Phase II)ന്റെ കാലാവധി 31-03-2022 വരെ ദീർഘിപ്പിച്ച് ലഭ്യമായെങ്കിലും BIMS ലെ സാങ്കേതിക പ്രശ്നങ്ങൾ കാരണം തുക അനുവദിക്കാൻ കഴിഞ്ഞില്ല.

(സഹകരണ (ബി) വകപ്പിന്റെ 05.07.2022-ലെ സഹ-ബി3/341/2021/സഹ. നമ്പർ കത്ത്)

## ഖണ്ഡിക – 14

## 4425-00-108-34- പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനുള്ള ഓഹരി മൂലധന വിഹിതം

പട്ടികജാതി /പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് വേണ്ടി നിലവിലുള്ള പദ്ധതികൾക്കുപരിയായി ടി സംഘങ്ങളുടെ സമഗ്രവികസനം ലക്ഷ്യം വച്ച് സഹകരണ വകുപ്പ് വിഭാവനം ചെയ്ത "പുനർജ്ജനി" എന്ന പുതിയ പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട 10 സംഘങ്ങളുടെ നവീകരണം, വൈവിദ്ധ്യവത്കരണം, സുസ്ഥിര വികസനം എന്നിവയ്ക്കാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിലേക്ക് ടി ശീർഷകത്തിൽ 6 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായുള്ള പുനർജനി പദ്ധതി നടപ്പിലാക്കുന്നതിനുള്ള ധനസഹായം ടി ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ "പുനർജനി പദ്ധതി" നടപ്പിലാക്കാത്തതിനാൽ ടി ശീർഷകത്തിൽ നിന്നും പൂർണ്ണമായും തുക ചെലവഴിക്കാൻ സാധിച്ചിരുന്നില്ല. ടി ശീർഷകത്തിൽ അനുവദിച്ചിരുന്ന 240 ലക്ഷം രൂപയിൽ 116.20 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

2022-23 സാമ്പത്തികവർഷം പുനർജനി പദ്ധതിയിലുൾപ്പെടുത്തി 14 സംഘങ്ങൾക്ക് ഓഹരി ആയി 112,71,997/- രൂപ ധനസഹായം അനുവദിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം നൽകിയിട്ടുണ്ട്.

(സഹകരണ (ബി) വകുപ്പിന്റെ 05.07.2022 ലെ സഹ-ബി3/341/2021/സഹ. നമ്പർ കത്ത്)

**ഖണ്ഡിക - 15**

**6425-00-108-74-സംയോജിത സഹകരണ വികസന പദ്ധതി (എൻ.സി.ഡി.സി. സഹായം)**

ഇടുക്കി ജില്ലയിൽ നടപ്പിലാക്കി വരുന്ന സംയോജിത സഹകരണ വികസന പദ്ധതിയുടെ പൂർത്തീകരണത്തിനായി അധിക തുക ആവശ്യമായതിനാൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 2.6390 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ഇടുക്കി ജില്ലയിൽ നടപ്പിലാക്കി വരുന്ന സംയോജിത സഹകരണ വികസന പദ്ധതി (phase II) ന്റെ കാലാവധി 31.03.2022 വരെ ദീർഘിപ്പിച്ച് ലഭ്യമായെങ്കിലും BIMS ലെ സാങ്കേതിക പ്രശ്നങ്ങൾ കാരണം ടി തുക അനുവദിക്കുവാൻ കഴിഞ്ഞിരുന്നില്ല.
(സഹകരണ (ബി) വകുപ്പിന്റെ 05.07.2022 ലെ സഹ-ബി3/341/2021/സഹ. നമ്പർ കത്ത്)

**ധനാഭ്യർത്ഥന നമ്പർ XXVIII - പലവക സാമ്പത്തിക കാര്യങ്ങൾ**

**ഖണ്ഡിക - 16**

**3475-00-106-99-06-അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ-വാടക, കരം, നികുതി**

പുതുതായി രൂപീകരിച്ച 14 താലൂക്കുകളിലെ ഇൻസ്പെക്ടറാഫീസുകൾ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ആയതിനാൽ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സമിതി ശിപാർശ ചെയ്ത പ്രകാരം 2021-22 സാമ്പത്തിക വർഷം 3475-00-106-99-06-RRT(NP) ശീർഷകത്തിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് 10 ലക്ഷം രൂപ റീ-അപ്രോപ്രിയേഷൻ മുഖേന ലഭ്യമാക്കുന്നതിലേയ്ക്കായി പ്രൊപ്പോസൽ സമർപ്പിക്കുകയും റീ-അപ്രോപ്രിയേഷൻ മുഖേന ലഭിച്ച 10 ലക്ഷം രൂപ ടി ആവശ്യത്തിലേയ്ക്കായി വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

(ഉപഭോക്തൃകാര്യവകുപ്പിന്റെ 07.07.2022 ലെ CA2/323/2021-CAD നമ്പർ കത്ത്)

**ഖണ്ഡിക - 17**

**3475-00-106-99-21-02-അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം-മെട്രിക് സമ്പ്രദായം നടപ്പാക്കൽ-മോട്ടോർ വാഹനങ്ങൾ- സംരക്ഷണവും അറ്റകുറ്റപ്പണികളും**

എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പരിശോധനകൾ തുടർച്ചയായി നടത്തേണ്ടി വരുന്നതിനാൽ സ്ഥിരമായി വാഹനങ്ങൾ ഉപയോഗിക്കേണ്ടി വരുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സമിതി ശിപാർശ ചെയ്ത പ്രകാരം 2021-22 സാമ്പത്തിക വർഷം 3475-00-106-99-21-02 Repair and maintenance (NP) ശീർഷകത്തിൽ 5 ലക്ഷം രൂപ റീ-അപ്രോപ്രിയോഷൻ മുഖേന ലഭ്യമാക്കുന്നതിലേയ്ക്കായി പ്രൊപ്പോസൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 3,35,000/- രൂപ റീ-അപ്രോപ്രിയേഷൻ മുഖേന ലഭ്യമാക്കുകയും പ്രസ്തുത തുക ടി ആവശ്യത്തിനായി വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

(ഉപഭോക്തൃകാര്യവകുപ്പിന്റെ 07.07.2022 ലെ CA2/323/2021-CAD നമ്പർ കത്ത്)

**ഖണ്ഡിക - 18**

**3475-00-106-99-45-അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം-മെട്രിക് സമ്പ്രദായം നടപ്പാക്കൽ-പി.ഒ.എൽ.**

വകുപ്പിലെ വാഹനങ്ങളുടെ ഇന്ധന ആവശ്യങ്ങൾക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സമിതി ശിപാർശ ചെയ്ത പ്രകാരം 2021-22 സാമ്പത്തിക വർഷം 3475-00-106-99-45-POL (NP) ശീർഷകത്തിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് 20 ലക്ഷം രൂപ

റീ-അപ്രോപ്രിയേഷൻ മുഖേന ലഭ്യമാക്കുന്നതിലേയ്ക്കായി പ്രൊപ്പോസൽ സമർപ്പിക്കുകയും അനുവദിച്ച 15,00,000/-രൂപ മേൽ ആവശ്യത്തിലേയ്ക്കായി വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

(ഉപഭോക്തൃകാര്യവകുപ്പിന്റെ 07.07.2022 ലെ CA2/323/2021-CAD നമ്പർ കത്ത്)

**<u>ഖണ്ഡിക - 19</u>**

**5475-00-800-79-<u>ലീഗൽ മെട്രോളജി ഓഫീസിന്റെ ആധുനികവൽക്കരണം</u>**

കോട്ടയം ജില്ലയിൽ സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേന ഓഫീസ് കെട്ടിടം, സ്റ്റാൻഡേർഡ് ലബോറട്ടറികളുടെ നിർമ്മാണം, കാസർഗോഡ് ജില്ലയിൽ ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന ടാങ്കർ ലോറി കാലിബ്രേഷൻ യൂണിറ്റ്, ഓഫീസ് കെട്ടിടം, സ്റ്റാൻഡേർഡ് ലബോറട്ടറികളുടെ നിർമ്മാണം മുതലായ ഡെപ്പോസിറ്റ് വർക്കുകൾക്കായി ഈ ശീർഷകത്തിൽ 4.1237 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>സ്വീകരിച്ച നടപടി</u>**

ലീഗൽ മെട്രോളജി കൺട്രോളർ സമർപ്പിച്ച ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ജോലികൾക്കായി 1,14,53,000/- രൂപ റീ-അപ്രോപ്രിയേഷൻ വഴി ധന വകുപ്പ് അനുവദിച്ച് നൽകിയിട്ടുണ്ട്.

(ഉപഭോക്തൃകാര്യവകുപ്പിന്റെ 07.07.2022 ലെ CA2/323/2021-CAD നമ്പർ കത്ത്)

**ധനാഭ്യർത്ഥന നമ്പർ XXX – ഭക്ഷ്യം**

**<u>ഖണ്ഡിക - 20</u>**

**2408-01-004-99- <u>കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡവലപ്മെന്റ്</u>**

എറണാകുളം ഇലഞ്ഞിയിലുള്ള എസ്റ്റാബ്ലിഷിംഗ് ഓഫ് ചിൽഡ് സ്റ്റോറേജ് ആന്റ് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് ഡീഹൈഡ്രേഷൻ യൂണിറ്റിന്റെ പൂർത്തീകരണത്തിനും എസ്റ്റാബ്ലിഷ്മെന്റ് ഓഫ് സ്കൂൾ ഓഫ് ഫുഡ് ബിസിനസ് മാനേജ്മെന്റിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും എസ്റ്റാബ്ലിഷ്മെന്റ് ഓഫ് കോൺഫറൻസ് ഹാൾ

ലൈബ്രറി ആൻഡ് റീഡിംഗ് റൂം ഫോർ കോളേജ് ഓഫ് ഇൻഡിജെനസ് ഫുഡ് ടെക്നോളജിയുടെ പൂർത്തീകരണത്തിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 4.88 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## <u>സ്വീകരിച്ച നടപടി</u>

2021-2022 സാമ്പത്തിക വർഷം 2408-01-004-99 എന്ന ശീർഷകത്തിൽ 06 പദ്ധതി ഘടകങ്ങളുടെ നിർവ്വഹണത്തിനായി 5.52 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ടി തുകയിൽ എസ്റ്റാബ്ലിഷിംഗ് ഓഫ് ചിൽഡ് സ്റ്റോറേജ് ആന്റ് വെജിറ്റബിൾ ആന്റ് ഫ്രൂട്ട്സ് ഡീഹൈഡ്രേഷൻ യൂണിറ്റ് എസ്റ്റാബ്ലിഷ്മെന്റ് ഓഫ് സ്കൂൾ ഓഫ് ഫുഡ് ബിസിനസ് മാനേജ്മെന്റ്, എസ്റ്റാബ്ലിഷ്മെന്റ് ഓഫ് കോൺഫറൻസ് ഹാൾ ലൈബ്രറി ആന്റ് റീഡിംഗ് റൂം ഫോർ കോളേജ് ഓഫ് ഇൻഡിജെനസ് ഫുഡ്ടെക്നോളജി എന്നീ പദ്ധതി ഘടകങ്ങൾക്ക് യഥാക്രമം 250 ലക്ഷം രൂപ, 100 ലക്ഷം രൂപ, 90 ലക്ഷം രൂപ വീതമാണ് ഉൾകൊള്ളിച്ചിട്ടുള്ളത്. എന്നാൽ എസ്റ്റിമേറ്റ് പ്രകാരം ടി പദ്ധതികളുടെ നിർമ്മാണ പൂർത്തീകരണത്തിന് യഥാക്രമം 258 ലക്ഷം രൂപ, 105 ലക്ഷം രൂപ, 125 ലക്ഷം രൂപ വീതം ആകെ 4.88 കോടി രൂപ അധികമായി ആവശ്യമാകയാൽ ബഡ്ജറ്റ് വിഹിതമായി 2408-01-004-99 ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 5.52 കോടി രൂപയ്ക്ക് പുറമെ 4.88 കോടി രൂപ കൂടി സപ്ലിമെന്ററി ഗ്രാന്റായി 2021-2022 സാമ്പത്തിക വർഷത്തിലെ ഒന്നാം ഘട്ട ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിനുള്ള ശിപാർശ സമർപ്പിച്ചിരുന്നുവെങ്കിലും തുകയൊന്നും അനുവദിയ്ക്കുകയുണ്ടായില്ല.

എറണാകുളം ഇലഞ്ഞിയിലുള്ള എസ്റ്റാബ്ലിഷിംഗ് ഓഫ് ചിൽഡ് സ്റ്റോറേജ് ആന്റ് വെജിറ്റബിൾ ആന്റ് ഫ്രൂട്ട്സ് ഡീഹൈഡ്രേഷൻ യൂണിറ്റിന്റെ നിർമ്മാണ പുരോഗതിയും നിലവിലെ അവസ്ഥയും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എൻജിനിയറുടെ നേതൃത്വത്തിൽ തിരുവനന്തപുരം കോളേജ് ഓഫ് എൻജിനിയറിംഗിലെ സിവിൽ, മെക്കാനിക്കൽ

വിഭാഗങ്ങളിലെ ഓരോ അധ്യാപകർ. ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിലെ ഒരു ഇൻസ്പെക്ടർ എന്നിവരടങ്ങിയ സമിതി രൂപീകരിച്ച് 31.03.2022 ലെ സ.ഉ ( സാധാ നമ്പർ.116/2022/ഭപൊവിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ പ്രസ്തുത പ്ലാന്റിന്റെ തുടർ പ്രവർത്തനങ്ങൾ തീരുമാനിക്കാൻ സാധിക്കൂ. മേൽസാഹചര്യത്തിൽ 2021-2022 സാമ്പത്തിക വർഷത്തിൽ പദ്ധതിക്കായി ബജറ്റിൽ വകയിരുത്തിയ തുക പോലും ചെലവഴിക്കാൻ സാധിച്ചിരുന്നില്ല. അതിനാൽ കമ്മിറ്റി ശിപാർശ ചെയ്ത പ്രകാരമുള്ള അധികതുക അനുവദിക്കേണ്ട സാഹചര്യം ഉദിച്ചിരുന്നില്ല.

എസ്റ്റാബ്ലിഷ്മെന്റ് ഓഫ് കോൺഫറൻസ് ഹാൾ ലൈബ്രറി & റീഡിങ് റൂം ഫോർ കോളേജ് ഓഫ് ഇൻഡിജെനസ് ഫുഡ്ടെക്നോളജി പൂർത്തീകരണത്തിനായുള്ള 250 ലക്ഷം രൂപയുള്ള സി.എഫ്.ആർ.ഡി ലഭ്യമാക്കിയ പ്രൊപ്പോസലിലെ തുക ബജറ്റ് വിഹിതത്തേക്കാൾ കൂടുതൽ ആയതിനാലും പ്രൊപോസൽ DSR18 പ്രകാരമുള്ള എസ്റ്റിമേറ്റ് അല്ലാതിരുന്നതിനാലും DSR18 പ്രകാരമുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രപ്പോസലിന് അനുമതി നൽകാനാണ് വർക്കിങ് ഗ്രൂപ്പ് തീരുമാനിച്ചത്. അപ്രകാരം പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാക്കാഞ്ഞതിനാൽ ഭരണാനുമതി നൽകിയിരുന്നില്ല.

എസ്റ്റാബ്ലിഷ്മെന്റ് ഓഫ് സ്കൂൾ ഓഫ് ഫുഡ് ബിസിനസ് മാനേജ്മെന്റിന്റെ ഭാഗമായുള്ള ട്രെയിനിങ് പ്രോഗ്രാം ഇൻ ദി പ്രിപ്പറേഷൻ ഓഫ് വാല്യൂ ആഡഡ് ഫുഡ് പ്രോഡക്ട്സ് എന്ന കമ്പോണന്റിനായി 45 ലക്ഷം രൂപയുള്ള പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നുവെങ്കിലും പ്രപ്പോസലിലെ പല ഘടകങ്ങൾക്കും വകയിരുത്തിയ തുക സംബന്ധിച്ചും പ്രോജക്ട് നടപ്പാക്കുന്നത് സംബന്ധിച്ചും വർക്കിങ് ഗ്രൂപ്പ് നിർദ്ദേശിച്ച നിബന്ധനകൾക്ക് അനുസൃതമായി പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമാക്കാത്തതിനാൽ ഭരണാനുമതി നൽകാൻ സാധിച്ചിരുന്നില്ല. ആയതിനാൽ 2021-22 ബഡ്ജറ്റിൽ വകയിരുത്തിയ തുക ചെലവഴിക്കാൻ സാധിച്ചിരുന്നില്ല. അത്തരമൊരു സാഹചര്യത്തിലാണ് സമിതി ശിപാർശ പ്രകാരമുള്ള അധികതുക അനുവദിക്കാതിരുന്നത് എന്ന് അറിയിക്കുന്നു.

(ഭക്ഷ്യപൊതുവിതരണ (ഡി) വകുപ്പിന്റെ 28.04.22-ലെ 5982365/ ഡി1/2022/ഭ.പൊ.വി.വ. നമ്പർ കത്ത്)

**ഖണ്ഡിക – 21**

**2408-01-101-96-33- കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനും മറ്റ് ഏജൻസികളും വഴി നെല്ല് സംഭരിക്കൽ – സബ്സിഡികൾ**

കേരളത്തിലെ നെൽ കർഷകർ ഉത്പാദിപ്പിക്കുന്ന നെല്ല് നിശ്ചിത ഗുണമേന്മാ മാനദണ്ഡങ്ങൾക്കനുസൃതമായി കർഷകരിൽ നിന്ന് ഏറ്റെടുത്ത്, കേരളത്തിലെ ആധുനിക അരി മില്ലുകളിൽ സംസ്കരിച്ച്, പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം സംസ്ഥാനത്തെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന നെല്ല് കർഷകരിൽ നിന്ന് നേരിട്ട് ഏറ്റെടുത്ത്, ആയതിന് PRS Loan മുഖേന കർഷകരുടെ ബാങ്ക് അക്കൗണ്ടിലൂടെ നെല്ലിന്റെ സംഭരണ വില നൽകുകയും കർഷകരിൽ നിന്നും സംഭരിക്കുന്ന നെല്ല് നവീന സംസ്കരണ ശാലകളിൽ ഇരുപ്പുഴക്കൽ രീതിയിൽ കുത്തി അരിയാക്കി റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നതിന് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന് നൽകി വരികയും ചെയ്യുന്നു. പ്രസ്തുത പദ്ധതിയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 485.15 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനും മറ്റ് ഏജൻസികളും വഴി നെല്ല് സംഭരിക്കുന്നതിനായി 2021-22 സാമ്പത്തികവർഷം 166.3912 കോടി രൂപ അധികധനസഹായമായി അനുവദിക്കുകയും അന്തിമഘട്ട ഉപധനാഭ്യർത്ഥന മുഖേന ടി തുക ക്രമീകരിക്കപ്പെടുകയും ചെയ്തു. കൂടാതെ അന്തിമഘട്ട ഉപധനാഭ്യർത്ഥന മുഖേന 68.48 കോടി രൂപ കൂടി അധികമായി വകയിരുത്തുകയുണ്ടായി. ഇപ്രകാരം ശീർഷകത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് തുകയായ 525 കോടി രൂപയ്ക്ക് പുറമേ 234.8712 കോടി രൂപ അധികമായി വകയിരുത്തപ്പെട്ടു, ആകെ വകയിരുത്തപ്പെട്ട 759.8712 കോടി രൂപയിൽ നിന്നും 759.8711279 കോടി രൂപ നെല്ല് സംഭരണത്തിനുള്ള സംസ്ഥാന പ്രോൽസാഹന ബോണസും പലിശയും ഇനത്തിൽ 2020 ഡിസംബർ മുതൽ 2021 നവംബർ വരെയുള്ള മുഴുവൻ ക്ലെയിമും 2021 ഡിസംബർ മുതൽ 2022 ജനുവരി വരെയുള്ള ക്ലെയിമിന്റെ ഒരു ഭാഗവും നൽകുന്നതിന് വിനിയോഗിച്ചു.

(ഭക്ഷ്യപൊതുവിതരണ (സി) വകുപ്പിന്റെ 02.06.2022-ലെ 346/സി2/2021/ഭ.പൊ.വി.വ. നമ്പർ കത്ത്)

## ഖണ്ഡിക - 22

**2408-01-101-94 -റേഷൻ സബ്സിഡി**

റേഷൻ അരിയുടെയും ഗോതമ്പിന്റെയും വിലയിലെ വ്യത്യാസം ഫുഡ് കോർപ്പറേഷന് മടക്കികൊടുക്കൽ, എ.ആർ.ഡി. കമ്മീഷൻ, റേഷൻ അരിയുടെയും ഗോതമ്പിന്റെയും ഗതാഗത/കൈകാര്യ ചെലവുകൾ എന്നിവയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 760.45 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2408-01-101-94 റേഷൻ സബ്സിഡി എന്ന മേജർ ശീർഷകത്തിലെ ഉപശീർഷകങ്ങളായ 2408-01-101-94-1-33, 2408-01-101-94-2-33 എന്നിവയിൽ 2021-2022 സാമ്പത്തിക വർഷം അധിക ധനസഹായമായി യഥാക്രമം 167.1375 കോടി രൂപ 124.30 കോടി രൂപ വീതം ആകെ 291.4375 കോടി രൂപ അനുവദിക്കുകയും ടി തുകകൾ അന്തിമഘട്ട ഉപധനാഭ്യർത്ഥനയിൽ ക്രമീകരിക്കുകയും ചെയ്തു. 2408-01-101-94-3-33 എന്ന ഉപശീർഷകത്തിൽ 102 കോടി രൂപ അന്തിമഘട്ട ഉപധനാഭ്യർത്ഥനയിൽ അനുവദിച്ചു. ശീർഷകത്തിൽ ആകെ അനുവദിക്കപ്പെട്ട അധിക ധനസഹായം 393.4375 കോടി രൂപയായിരുന്നു. ശീർഷകത്തിൽ ആകെ ലഭിച്ച ബഡ്ജറ്റ് വിഹിതമായ (1060.77 കോടി രൂപ+393.4375 കോടി രൂപ) 1454.2075 കോടി രൂപയിൽ 1452.8205 കോടി രൂപ ചെലവഴിക്കുകയും 1.387 കോടി രൂപ സാമ്പത്തിക വർഷാവസാനം സർക്കാരിലേക്ക് സറണ്ടർ ചെയ്യുകയും ചെയ്തു. സാമ്പത്തികവർഷം സമർപ്പിക്കപ്പെട്ട ക്ലെയിമുകൾ വിതരണം ചെയ്യുന്നതിന് മേൽപ്രകാരം ലഭ്യമായ തുക പര്യാപ്തമായിരുന്നു.

(ഭക്ഷ്യപൊതുവിതരണ (ഡി) വകുപ്പിന്റെ 10.5.2022-ലെ 56/ഡി2/2022/ഭ.പൊ.വി.വ. നമ്പർ കത്ത്)

**ഖണ്ഡിക - 23**

**2408-01-102-99-33- കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിലേക്ക് മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റ് - സബ്സിഡികൾ**

പൊതു വിപണിയിലുണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കാനായി സർക്കാർ രൂപീകരിച്ചിട്ടുള്ള വിപണിയിടപെടൽ പദ്ധതി പ്രകാരം 14 ഇനം അവശ്യ സാധനങ്ങൾ സർക്കാർ നിശ്ചയിക്കുന്ന സബ്സിഡി നിരക്കിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിതരണം ചെയ്തുവരുന്നു. വിപണിയിടപെടൽ, സൗജന്യ ഭക്ഷ്യ കിറ്റ് വിതരണം ഇനങ്ങളിൽ ഈ സാമ്പത്തിക വർഷം അധിക തുക ആവശ്യമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 1073.24 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ആൾട്ടറേഷൻ മെമ്മോറാണ്ടം വഴി അധികമായി വകയിരുത്തിയ 1000 കോടി ഉൾപ്പെടെ 1150 കോടി രൂപയാണ് 2021-22 സാമ്പത്തിക വർഷം 2408-01-102-99-33 എന്ന ശീർഷകത്തിൽ വകയിരുത്തിയത്. ഇതിന് പുറമെ രണ്ടാം ഘട്ട ഉപധനാഭ്യർത്ഥന, അന്തിമഘട്ട ഉപധനാഭ്യർത്ഥന എന്നിവ മുഖേന യഥാക്രമം 475.94 കോടി രൂപ, 199.25 കോടി രൂപ വീതം ആകെ 675.19 കോടി രൂപ അധികമായി വകയിരുത്തുകയുണ്ടായി.

CMDRF റീക്രൂപ്പ്മെന്റിനായി 450 കോടി രൂപ, കോവിഡ് ദുരിതാശ്വാസ പാക്കേജിന്റെ ഭാഗമായിട്ടുള്ള സൗജന്യ ഭക്ഷ്യകിറ്റ് വിതരണത്തിന് 1300.19 കോടി രൂപ, സപ്ലൈകോയുടെ വിപണി ഇടപെടൽ പ്രവർത്തനത്തിന് 75 കോടി രൂപ എന്നിവ പ്രകാരം ശീർഷകത്തിൽ ആകെ വകയിരുത്തപ്പെട്ട 1825.19 കോടി രൂപ പൂർണ്ണമായും ചെലവഴിച്ചു.

(ഭക്ഷ്യപൊതുവിതരണ (സി) വകുപ്പിന്റെ 02.06.2022-ലെ 346/സി2/2021/ഭ.പൊ.വി.വ. നമ്പർ കത്ത്)

**ഖണ്ഡിക - 24**

**2408-01-190-92- സപ്ലൈകോയുടെ വില്പന കേന്ദ്രങ്ങൾ നവീകരിക്കൽ**

സപ്ലൈകോയുടെ ചില്ലറ വിൽപ്പനശാലകൾ നവീകരിക്കുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 8.57 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

നടപ്പ് സാമ്പത്തിക വർഷം ശീർഷകത്തിൽ വകയിരുത്തിയ തുക 13.50 കോടി രൂപയായിരുന്നു. ഔട്ട്ലെറ്റുകൾ നവീകരിച്ച ഇനത്തിൽ ചെലവായ തുകയുടെ റീ-ഇമ്പേഴ്സ്മെന്റ് ആയി സപ്ലൈകോ സമർപ്പിച്ച ക്ലെയിമുകളുടെ അടിസ്ഥാനത്തിൽ 2021-22 സാമ്പത്തിക വർഷം 2.20 കോടി രൂപ മാത്രമേ റിലീസ് ചെയ്തിട്ടുള്ളൂ. അവശേഷിച്ച 11.30 കോടി രൂപ സാമ്പത്തിക വർഷാവസാനം സറണ്ടർ ചെയ്യുകയാണുണ്ടായത്. നടപ്പ് സാമ്പത്തിക വർഷം പ്രതീക്ഷിച്ച രീതിയിൽ പദ്ധതി പ്രവർത്തനത്തിന് തുക ചെലവ് വരാതിരുന്നതിനാൽ സബ്ജക്ട് കമ്മിറ്റി ശുപാർശാനുസരണം പദ്ധതി ശീർഷകത്തിൽ അധിക ധന സഹായമായി തുക വകയിരുത്തി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടി വന്നില്ല.

(ഭക്ഷ്യപൊതുവിതരണ (സി) വകുപ്പിന്റെ 02.06.2022-ലെ 346/സി2/2021/ഭ.പൊ.വി.വ. നമ്പർ കത്ത്)

**ഖണ്ഡിക 26**

**3456-00-001-89-34- ഫുഡ് അഡ്വൈസറി കമ്മിറ്റി - മറ്റ് ചെലവുകൾ**

ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013, സംസ്ഥാന ഭക്ഷ്യഭദ്രത ചട്ടം 2018 എന്നിവയുടെ അടിസ്ഥാനത്തിൽ രൂപീകരിച്ച സംസ്ഥാനതല വിജിലൻസ് സമിതി വർഷത്തിൽ 4 പ്രാവശ്യം യോഗം ചേരേണ്ടതിനാൽ യോഗത്തിന്റെ ചെലവുകൾക്കായി 5 ലക്ഷം രൂപ വീതം 20 ലക്ഷം രൂപ അധിക ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ

ഈ ശീർഷകത്തിൽ 19.5 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സംസ്ഥാനതല വിജിലൻസ് സമിതി വർഷത്തിൽ 4 പ്രാവശ്യം യോഗം ചേരേണ്ടതിനാൽ ഒരു യോഗത്തിന്റെ നടത്തിപ്പിനായി 5 ലക്ഷം രൂപ വീതം 20 ലക്ഷം രൂപയാണ് 2021-22 സാമ്പത്തിക വർഷാരംഭം ചെലവ് പ്രതീക്ഷിച്ചിരുന്നതെങ്കിലും കമ്മിറ്റിയിൽ നാമനിർദ്ദേശ പ്രകാരമുള്ള നിലവിലെ നിയമസഭാ പ്രതിനിധികളെ ഉൾപ്പെടുത്തി കമ്മിറ്റി പുന:സംഘടിപ്പിക്കുന്ന നടപടികൾ പൂർത്തിയാകാത്തതിനാൽ 2021-2022 സാമ്പത്തിക വർഷം കമ്മിറ്റി യോഗങ്ങൾ സംഘടിപ്പിക്കാൻ കഴിഞ്ഞില്ല. ആയതിനാൽ ശീർഷകത്തിൽ വകയിരുത്തിയിരുന്ന 50,000/- രൂപ ചെലവഴിക്കേണ്ടി വരാത്തതിനാൽ ടി തുക സറണ്ടർ ചെയ്തെന്നു മാത്രമല്ല അധിക തുക അനുവദിക്കേണ്ട ആവശ്യകതയും ഉണ്ടായില്ല. 24.02.2022-ലെ സ.ഉ.(സാധാ) നം.63/2022/ഭ.പൊ.വി.വ. പ്രകാരം സംസ്ഥാനതല സമിതി പുന:സംഘടിപ്പിക്കുകയും പ്രഥമ യോഗം 27.04.2022-ന് ചേരാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(ഭക്ഷ്യപൊതു വിതരണ (ബി) വകുപ്പിന്റെ 25.04.2022-ലെ 5597593/ബി3/2021/ ഭ.പൊ.വി.വ. നമ്പർ കത്ത്)

**ഖണ്ഡിക 27**

**3456-00-001-78- ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതിനുള്ള സഹായം (സംസ്ഥാന പദ്ധതി)**

ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിനായി ഇ-പോസ് മെഷീനുകളുടെ സ്ഥാപനം, കമ്മീഷണറേറ്റ്, ജില്ലാ/താലൂക്ക് സപ്ലൈ ഓഫീസുകളുടെ നവീകരണവും കമ്പ്യൂട്ടർവൽക്കരണവും ഭക്ഷ്യധാന്യ വിതരണവുമായി ബന്ധപ്പെട്ട എസ്.എം.എസ്. കോസ്റ്റ്, ജി.പി.എസ്. ട്രാക്കിംഗ് സൗകര്യം സ്ഥാപിക്കാൻ സപ്ലൈകോയ്ക്ക് നൽകുന്ന സഹായം, സോഷ്യൽ ഓഡിറ്റ്, വിവിധ മേഖലകളിൽ ഉള്ളവർക്ക് ബോധവത്ക്കരണം തുടങ്ങിയവയ്ക്കായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക

അപര്യാപ്തമായതിനാൽ 5.15 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ശീർഷകത്തിൽ ആകെ വകയിരുത്തിയിട്ടുള്ള 33.95 കോടി രൂപയിൽ സപ്ലൈകോയുടെ നിർവ്വഹണ ചുമതലയിലുള്ള ഇ-പോസ് മെഷീനുകളുടെ സിം ചാർജ്, തെർമ്മൽ പേപ്പർ റോൾ വില, ജി.പി.എസ്. ട്രാക്കിങ്ങ് സംവിധാനം സ്ഥാപിക്കൽ, സി.സി.ടി.വി. സ്ഥാപിക്കൽ എന്നീ പദ്ധതി ഘടകങ്ങൾക്കായി ആകെ വകയിരുത്തിയിട്ടുള്ള തുക 4.90 കോടി രൂപയായിരുന്നു. എന്നാൽ ടി പദ്ധതി ഘടകങ്ങൾക്ക് 9.55 കോടി രൂപയും NFSA ഡിപ്പോകളിൽ കമ്പ്യൂട്ടറും യുപിഎസും ഘടകത്തിന് 50 ലക്ഷം രൂപയും ഉൾപ്പെടെ 10.05 കോടി രൂപ നടപ്പ് സാമ്പത്തിക വർഷം ചെലവ് പ്രതീക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ 5.15 കോടി രൂപ കൂടി 2021-2022 സാമ്പത്തിക വർഷത്തിലെ ഒന്നാം ഘട്ട ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി സപ്ലിമെന്ററി ഗ്രാന്റായി അനുവദിക്കുന്നതിന് ശിപാർശ സമർപ്പിച്ചെങ്കിലും തുക അനുവദിക്കുകയുണ്ടായില്ല. 2021-2022 സാമ്പത്തിക വർഷം ഇ-പോസ് മെഷീനുകളുടെ സിം ചാർജ്, തെർമ്മൽ പേപ്പർ റോൾ എന്ന പദ്ധതി ഘടകത്തിന് ആകെ വകയിരുത്തിയിരുന്ന 2.90 കോടി കോടി രൂപ പൂർണ്ണമായും, സപ്ലൈകോ സമർപ്പിച്ച ക്ലെയിമുകളുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്യുകയുണ്ടായി. ടി പദ്ധതി ഘടകത്തിലേക്ക് അധികമായി ആവശ്യം വന്ന 1,06,07,524/- രൂപ ധനപുനർ:വിനിയോഗം മുഖേന Supply Chain Management - GPS implementation and installation of CCTV എന്ന പദ്ധതി ഘടകത്തിൽ നിന്നും വകയിരുത്തുന്നതിനുള്ള ശുപാർശ സമർപ്പിച്ചെങ്കിലും രണ്ട് പദ്ധതി ഘടകങ്ങളുടെയും ഭരണാനുമതി ഉത്തരവുകൾ വ്യത്യസ്തമായതിനാൽ തുക വക മാറ്റി നൽകാൻ സാധിക്കുകയില്ല എന്ന കാരണത്താൽ ശിപാർശ നിരസിക്കുകയുണ്ടായി. ജി.പി.എസ്. ട്രാക്കിങ്ങ് സംവിധാനം സ്ഥാപിക്കൽ, സി.സി.ടി.വി. സ്ഥാപിക്കൽ, എന്ന പദ്ധതി ഘടകത്തിന് വകയിരുത്തിയിരുന്ന ബഡ്ജറ്റ് വിഹിതമായ 2 കോടി രൂപയിൽ തൻവർഷം

26.98 ലക്ഷം രൂപയുടെ ക്ലെയിം മാത്രം സപ്ലൈകോ സമർപ്പിച്ചതിനാൽ ടി തുകയും സപ്ലൈകോയ്ക്ക് വിതരണം ചെയ്യുകയുണ്ടായി. ആയതിനാൽ പ്രസ്തുത പദ്ധതി ഘടകത്തിൽ ടി വർഷം പ്രതീക്ഷിച്ച അധിക തുക ആവശ്യമായി വന്നില്ല. കമ്മീഷണറേറ്റ്, ജില്ലാ/താലൂക്ക് സപ്ലൈ ഓഫീസുകളുടെ നവീകരണവും കമ്പ്യൂട്ടർവൽക്കരണവും എന്ന പദ്ധതി ഘടകത്തിന് ബഡ്ജറ്റ് വിഹിതമായ 2 കോടി രൂപയ്ക്ക് പുറമെ 1 കോടി രൂപയുടെ അധിക ഭരണാനുമതി നൽകുകയും ടി പദ്ധതി പ്രവർത്തനത്തിന് 2021-22 വർഷം 3 കോടി രൂപ വിനിയോഗിക്കുകയും ചെയ്തു. ഭക്ഷ്യ ധാന്യ വിതരണവുമായി ബന്ധപ്പെട്ട എസ്.എം.എസ്. കോസ്റ്റ്, സോഷ്യൽ ഓഡിറ്റ് എന്നീ ഘടകങ്ങൾക്ക് യഥാക്രമം ബഡ്ജറ്റ് വിഹിതത്തിൽ വകയിരുത്തിയിരുന്ന 150 ലക്ഷം രൂപ, 20 ലക്ഷം രൂപ എന്നിവയിൽ യഥാക്രമം 150 ലക്ഷം രൂപ, 14 ലക്ഷം രൂപ എന്നിങ്ങനെ ചെലവഴിക്കുകയുണ്ടായി. ടി പദ്ധതികൾക്ക് അധിക തുക ആവശ്യമായി വന്നില്ല.

(ഭക്ഷ്യപൊതുവിതരണ (ബി) വകുപ്പിന്റെ 25.04.2022-ലെ 5597593/ബി3/2021/ ഭ.പൊ.വി.വ. നമ്പർ കത്ത്)

## ഖണ്ഡിക 28

**3456-00-001-77- പൊതുവിതരണ വകുപ്പിന്റെ അടിസ്ഥാന സൗകര്യ വികസനം**

സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിലുള്ള ഓഫീസുകൾക്ക് വാഹനങ്ങൾ വാങ്ങൽ, ഇ-ഓഫീസ് സംവിധാനം നടപ്പിൽ വരുത്തൽ എന്നിവയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

ശീർഷകത്തിൽ വാഹനം വാങ്ങൽ എന്ന കമ്പോണന്റിൽ 50 ലക്ഷം രൂപയും ഇ- ഓഫീസ് നടപ്പിൽ വരുത്തൽ എന്ന കമ്പോണന്റിന് 50 ലക്ഷം രൂപയും ഉൾപ്പടെ ആകെ 1 കോടി രൂപയാണ് ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരുന്നത്. 2021-2022 സാമ്പത്തിക വർഷാരംഭത്തിലെ സ്ഥിതിയിൽ 9 താലൂക്ക് സപ്ലൈ ഓഫീസുകളുടെ

വാഹനങ്ങൾ കണ്ടം ചെയ്യുകയോ കണ്ടം ചെയ്യുന്നതിന് ഉത്തരവാകുകയോ ചെയ്തിരുന്നതിനാൽ, ടി കാര്യാലയങ്ങളിലേക്ക് 9 വാഹനങ്ങൾ വാങ്ങുന്നതിന് 1 കോടി രൂപ ആകെ ആവശ്യമായിരുന്നു. ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കാനുള്ള സബ്ജക്ട് കമ്മിറ്റി XI ന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ, 2021 -2022 സാമ്പത്തിക വർഷത്തിലെ ഒന്നാം ഘട്ട ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി ശീർഷകത്തിൽ 50 ലക്ഷം രൂപ സപ്ലിമെന്ററി ഗ്രാന്റായി അനുവദിക്കുന്നതിനുള്ള ശിപാർശ സമർപ്പിച്ചിരുന്നു.

എന്നാൽ തുക അനുവദിക്കുകയുണ്ടായില്ല. 2021-2022 സാമ്പത്തിക വർഷം ശീർഷകത്തിൽ വകുപ്പ് കാര്യാലയങ്ങൾക്ക് വാഹനം വാങ്ങുന്നതിലേക്കായി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിരുന്ന 50 ലക്ഷം രൂപ ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി ലഭിക്കുന്നതിനുള്ള ശുപാർശ വർക്കിങ് ഗ്രൂപ്പിന് സമർപ്പിച്ചിരുന്നെങ്കിലും ഭരണാനുമതി നൽകുകയുണ്ടായില്ല. ആയതിനാൽ ശീർഷകത്തിൽ വകയിരുത്തി യിരുന്ന 50 ലക്ഷം രൂപ ചെലവാക്കാൻ സാധിക്കാതെ വർഷാവസാനം സറണ്ടർ ചെയ്യുകയാണുണ്ടായത്. ഈ സാഹചര്യത്തിൽ സബ്ജക്ട് കമ്മിറ്റി XI ന്റെ 2021-2022 വർഷത്തേക്കുള്ള ഖണ്ഡിക 28 പ്രകാരമുള്ള ധനാഭ്യർത്ഥന ശുപാർശയനുസരിച്ച് 50 ലക്ഷം രൂപ 3456-00-001-77 ശീർഷകത്തിൽ അധികമായി വകയിരുത്തി ലഭിക്കേണ്ടതിന്റെ ആവശ്യകത 2021-2022 സാമ്പത്തിക വർഷം സംജാതമായില്ല.

(ഭക്ഷ്യപൊതുവിതരണ (എ) വകുപ്പിന്റെ 25.04.2022-ലെ എ 3/256/2021/ ഭ.പൊ.വി.വ. നമ്പർ കത്ത്)

**ഖണ്ഡിക 30**

**4408-01-800-97- പൊതുവിതരണ വകുപ്പിന്റെ അടിസ്ഥാന സൗകര്യ വികസനം**

കൊച്ചി താലൂക്ക് സപ്ലൈ ഓഫീസ്, കൊച്ചി സിറ്റി റേഷനിംഗ് ഓഫീസ് എന്നിവയുടെ നിർമ്മാണ പ്രവർത്തന പദ്ധതികളുടെ തുടർ പ്രവർത്തനങ്ങൾക്കായി അധിക ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

കൊച്ചി താലൂക്ക് സപ്ലൈ ഓഫീസ്, കൊച്ചി സിറ്റി റേഷനിംഗ് ഓഫീസ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതം ഉൾപ്പെടുത്തിയിരുന്നില്ല. ടി കാര്യാലയങ്ങളുടെ നിർമ്മാണ പൂർത്തീകരണത്തിനായി, ആകെ ഭരണാനുമതി തുകയായ 2.34 കോടി രൂപ, 2021-2022 സാമ്പത്തിക വർഷത്തെ ഒന്നാം ഘട്ട ഉപധനാഭ്യർത്ഥന മുഖേന ശീർഷകത്തിൽ സപ്ലിമെന്ററി ഗ്രാന്റായി അനുവദിക്കുന്നതിന് ശുപാർശ സമർപ്പിച്ചിരുന്നെങ്കിലും തുക അനുവദിക്കുകയുണ്ടായില്ല.

തുടർന്ന് 2021 -2022 സാമ്പത്തിക വർഷം നിർമ്മാണ കരാർ ഏജൻസി സമർപ്പിച്ച ബില്ലുകളുടെ അടിസ്ഥാനത്തിൽ തുക വിതരണം ചെയ്യുന്നതിനായി GO(Rt)No.5382/2021/Fin Dtd.10.08.2021 പ്രകാരം 7,31,000/- രൂപയും, GO(Rt)No. 7336/2021 Dtd.15.11.2021 പ്രകാരം 32,33,000/- രൂപയും, GO(Rt)No.1246/2022/Fin dtd.23.02.2022 പ്രകാരം 21,07,000/- രൂപയും ഉൾപ്പെടെ ആകെ 60,71,000/- രൂപ (അറുപത് ലക്ഷത്തി എഴുപത്തിയൊന്നായിരം രൂപ) 4408-01-800-97-00-00-00-P-V ശീർഷകത്തിൽ, അധിക ധനസഹായമായി ആകെ നടപ്പ് സാമ്പത്തിക വർഷം അനുവദിക്കുകയുണ്ടായി. ആയതിനാൽ 2021-2022 വർഷം പദ്ധതി നടത്തിപ്പിന് ആവശ്യമായി വന്ന തുക പൂർണ്ണമായും ലഭിക്കുകയുണ്ടായി.

(ഭക്ഷ്യപൊതു വിതരണ (എ) വകുപ്പിന്റെ 25.04.2022-ലെ എ 3/256/2021/ ഭ.പൊ.വി.വ. നമ്പർ കത്ത്)

**ഖണ്ഡിക 31**

**4408-01-800-95-** **ഭക്ഷ്യഗവേഷണത്തിനും വികസനത്തിനുമുള്ള കൗൺസിൽ**

സി.എഫ്.ആർ.ഡി.യിൽ പ്രവർത്തിച്ച് വരുന്ന കോളേജ് ഫോർ ഫുഡ് ടെക്നോളജിയിലെ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ നിർമ്മിക്കൽ പദ്ധതി പൂർത്തീകരിക്കുന്നതിന് നിലിവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 15 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സി.എഫ്.ആർ.ഡി.യിൽ പ്രവർത്തിച്ച വരുന്ന കോളേജ് ഫോർ ഫുഡ് ടെക്നോളജിയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വനിതാ ഹോസ്റ്റൽ നിർമ്മാണം പൂർത്തീകരിക്കുന്നതിന് എസ്റ്റിമേറ്റ് പ്രകാരം 1.15 കോടി രൂപ ആവശ്യമാകയാൽ ബഡ്ജറ്റ് വിഹിതമായി 4408-01-800-95 ശീർഷകത്തിൽ വകയിരുത്തിയിരുന്ന 1 കോടി രൂപയ്ക്ക് പുറമെ 15 ലക്ഷം രൂപ കൂടി സപ്ലിമെന്ററി ഗ്രാന്റായി 2021-2022 സാമ്പത്തിക വർഷത്തിലെ ഒന്നാംഘട്ട ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിനുള്ള ശിപാർശ സമർപ്പിച്ചിരുന്നുവെങ്കിലും തുക അനുവദിക്കുകയുണ്ടായില്ല. ഈ പദ്ധതിക്കായി 180 ലക്ഷം രൂപ അനുവദിക്കണമെന്ന പ്രൊപ്പോസൽ ലഭ്യമാക്കിയെങ്കിലും എസ്റ്റിമേറ്റ് DSR 18 പ്രകാരം അല്ലാത്തതിനാലും അടങ്കൽ ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ആയതിനാലും വർക്കിംഗ് ഗ്രൂപ്പ് ഭരണാനുമതി നൽകിയിരുന്നില്ല. ഈ സാഹചര്യത്തിലാണ് സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള അധികതുക വകയിരുത്താതിരുന്നത് എന്ന് അറിയിക്കുന്നു.

(ഭക്ഷ്യപൊതുവിതരണ (ഡി) വകുപ്പിന്റെ 28.04.2022-ലെ 5982365/ഡി1/2022/ ഭ.പൊ.വി.വ. നമ്പർ കത്ത്)

**ഖണ്ഡിക 32**

**4408-02-101-99 -** **ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതിനുള്ള സഹായം (സംസ്ഥാന പദ്ധതി)**

സപ്ലൈകോയുടെ ഉടമസ്ഥതയിലുള്ള കൊല്ലം, തിരുവല്ല, കൊച്ചി, ഇടപ്പള്ളി എന്നിവിടങ്ങളിലെ ഗോഡൗൺ നിർമ്മാണ പ്രവർത്തനത്തിനും നിർമ്മാണം നടക്കുന്ന കൊല്ലം, കൊച്ചി, തിരുവല്ല ഗോഡൗണുകളിൽ നിയമപ്രകാരമുള്ള അഗ്നിശമന ഉപാധികൾ സ്ഥാപിക്കുന്നതിനും ഈ ശീർഷകത്തിൽ 30.26 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>സ്വീകരിച്ച നടപടി</u>**

നടപ്പ് സാമ്പത്തിക വർഷം ശീർഷകത്തിൽ വകയിരുത്തിയ 5 കോടി രൂപയിൽ നിന്നും എൻ.എഫ്.എസ്.എ. ഗോഡൗണുകളുടെ നിർമ്മാണത്തിനുള്ള ചെലവിനത്തിൽ സപ്ലൈകോ സമർപ്പിച്ച ക്ലെയിമുകളുടെ അടിസ്ഥാനത്തിൽ 4.742 കോടി രൂപ മാത്രമാണ് റിലീസ് ചെയ്തിട്ടുള്ളത്. ടി തുക വിതരണം ചെയ്തതിന് ശേഷം ശീർഷകത്തിൽ അവശേഷിച്ച 25.80 ലക്ഷം രൂപ സാമ്പത്തിക വർഷാവസാനം സറണ്ടർ ചെയ്യുകയാണുണ്ടായത്. നടപ്പ് സാമ്പത്തിക വർഷം പ്രതീക്ഷിച്ച രീതിയിൽ പദ്ധതി പ്രവർത്തനത്തിന് തുക ചെലവ് വരാതിരുന്നതിനാൽ സബ്ജക്ട് കമ്മിറ്റി ശുപാർശാനുസരണം പദ്ധതി ശീർഷകത്തിൽ അധിക ധനസഹായമായി തുക വകയിരുത്തി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടി വന്നില്ല.

(ഭക്ഷ്യപൊതു വിതരണ (സി) വകുപ്പിന്റെ 02.06.2022-ലെ 346/സി2/2021/ ഭ.പൊ.വി.വ. നമ്പർ കത്ത്)

**അദ്ധ്യായം -II**

**റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ ലഭിച്ചിട്ടില്ലാത്ത ഖണ്ഡികകൾ**

| ക്രമ നം. | വകുപ്പ് | ഖണ്ഡിക നമ്പർ |
|---|---|---|
| 1. | ഉപഭോക്തൃകാര്യം | 25, 29 |

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വകുപ്പ് സ്വീകരിച്ച നടപടികൾ അടങ്ങുന്ന റിപ്പോർട്ട് അതത് സാമ്പത്തിക വർഷാവസാനമോ അതുകഴിഞ്ഞുള്ള സഭാ സമ്മേളന കാലത്തോ സമിതി ചെയർമാൻ സഭയിൽ സമർപ്പിക്കേണ്ടതാണ്. ഏതെങ്കിലും ശിപാർശയിന്മേലുള്ള മറുപടി വകുപ്പ് ലഭ്യമാക്കാതിരിക്കുന്നപക്ഷം അതിനുള്ള കാരണം ബന്ധപ്പെട്ട വകുപ്പുമന്ത്രി ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിച്ച് 15 ദിവസത്തിനകമോ അടുത്ത സഭാ സമ്മേളനാരംഭത്തിലോ ഏതാണോ ആദ്യം അപ്പോൾ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്.

സമിതിയുടെ 2021-22 സാമ്പത്തിക വർഷത്തെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ഇനിയും നടപടി സ്വീകരിച്ചിട്ടില്ലാത്ത ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ ഈ റിപ്പോർട്ട് സമർപ്പിച്ച് 15 ദിവസത്തിനകമോ, അടുത്ത സഭാ സമ്മേളന കാലത്തോ, ഏതാണോ ആദ്യം അപ്പോൾ ബന്ധപ്പെട്ട വകുപ്പുകൾ ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

തിരുവനന്തപുരം,
2022 ജൂലൈ, 12

വി. എൻ. വാസവൻ,
ചെയർമാൻ,
സബ്ജക്ട് കമ്മിറ്റി XI.